കോ–ഓർഡിനേഷൻ കമ്മിറ്റി
**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ 5/2025

19.03.2025

# മാർച്ച് 24, 25 അഖിലേന്ത്യാ ബാങ്ക് പണിമുടക്കിൽ അണിചേരുക പണിമുടക്കം ചരിത്ര വിജയമാക്കുക

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് മാർച്ച് 24, 25 തീയതികളിൽ ബാങ്ക് ജീവനക്കാരുടെ ഐക്യവേദിയുടെ ആഭിമുഖ്യത്തിൽ അഖിലേന്ത്യാ ബാങ്ക് പണിമുടക്കം നടക്കാനിരിക്കുകയാണ്. അതിൽ മുന്നോട്ടുവച്ച ആവശ്യങ്ങൾ പ്രധാനമായും താഴെ പറയുന്നവയാണ്.

1. പഞ്ചദിന ബാങ്കിംഗ് നടപ്പിലാക്കുക
2. മുഴുവൻ കേഡറുകളിലും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക
3. PLI യിൽ കൊണ്ടുവന്ന വിവേചനം പിൻവലിക്കുക
4. കേന്ദ്രസർക്കാർ പദ്ധതിക്കു സമാനമായ തരത്തിൽ നികുതിയിളവോടു കൂടി ഗ്രാറ്റുവിറ്റി പരിധി 25 ലക്ഷം രൂപ ആയി വർദ്ധിപ്പിക്കുക
5. Perquisite tax Liability ജീവനക്കാർക്കു വേണ്ടി ബാങ്ക് ഏറ്റെടുക്കുക
6. ബാങ്ക് ജീവനക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുക

മുകളിൽ പറഞ്ഞ ആവശ്യങ്ങളോട് പൂർണമായും ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് AIRRBEA യും സമരത്തിൽ അണി ചേരണമെന്ന തീരുമാനം എടുത്ത വിവരം സഖാക്കളെ അറിയിച്ചിരുന്നു. അതോടൊപ്പം RRB കളെയും അതിലെ ജീവനക്കാരെയും ബാധിക്കുന്ന വിഷയങ്ങളും നാം പ്രത്യേകമായി സമരത്തിന് ആധാരമായ നോട്ടീസിൽ ഉൾപ്പെടുത്തുകയും ചെയ്തു. അത് താഴെപ്പറയുന്നവയാണ്.

1. സംസ്ഥാനാടിസ്ഥാനത്തിൽ RRB കളെ പുനഃസംഘടിപ്പിച്ച് ദേശീയതലത്തിൽ apex body ആയി NRBI രൂപീകരിക്കുക, സ്പോൺസർ ബാങ്കുകളെ ഒഴിവാക്കുക
2. പ്രമോഷൻ – സർവീസ് റൂളുകൾ പരിഷ്കരിക്കുക
3. മുഴുവൻ താൽക്കാലിക ജീവനക്കാരെയും സ്ഥിരപ്പെടുത്തുക
4. പൊതുമേഖലാ ബാങ്കുകൾക്ക് സമാനമായി മുഴുവൻ ആനുകൂല്യങ്ങളും ഗ്രാമീണ ബാങ്കുകളിലും നടപ്പിലാക്കുക

ബാങ്ക് ജീവനക്കാരുടെ വർത്തമാനകാല സാഹചര്യം വലിയ വെല്ലുവിളികൾ നിറഞ്ഞതാണ്. കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി ബാങ്കിംഗ് ജോലിക്കു പുറമേ വിവിധങ്ങളായ സർക്കാർ പദ്ധതികളും സ്വകാര്യ ഇൻഷുറൻസ് ഉൾപ്പെടെയുള്ള ബാങ്ക് അഷ്വറൻസ് പദ്ധതികളും ബാങ്ക് ജീവനക്കാരുടെ തലയിൽ വന്നിരിക്കുകയാണ്. അതോടൊപ്പം നവസ്വകാര്യ ബാങ്കിംഗ് സ്ഥാപനങ്ങളുടെ കഴുത്തറുപ്പൻ മത്സരങ്ങളുടെ ഭാഗമായി മാനേജ്മെന്റ് തലത്തിൽ നിന്നും ഉണ്ടാവുന്ന വലിയ സമ്മർദ്ദങ്ങളും ഹരാസ്മെന്റും ജീവനക്കാരുടെ work life ബാലൻസ് നഷ്ടപ്പെടുത്തിയ സന്ദർഭത്തിൽ കൂടിയാണ് പഞ്ചദിന ബാങ്കിംഗ് നടപ്പിലാക്കണമെന്ന ആവശ്യത്തിന് പ്രസക്തിയേറുന്നത്. എന്നാൽ തൊഴിലാളികളോടല്ല മുതലാളിമാരോടും കോർപ്പറേറ്റുകളോടുമാണ് തങ്ങൾക്ക് കൂടുതൽ പ്രതിബദ്ധത എന്നാണ് പഞ്ചദിന ബാങ്കിംഗ് എന്ന ആവശ്യത്തോട് ധനകാര്യവകുപ്പ് മന്ത്രി ശ്രീമതി നിർമലാ സീതാരാമൻ നടത്തിയ പ്രതികരണം നമ്മോട് പറയുന്നത്. എന്ത് വില കൊടുത്തും പഞ്ചദിന ബാങ്കിംഗ് നടപ്പിലാക്കാൻ ശക്തമായ പോരാട്ടം നടത്തിയേ തീരൂ.

ശാഖകളിൽ ജോലിഭാരം വർദ്ധിക്കുമ്പോൾ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നില്ല എന്ന് മാത്രമല്ല ബിജെപി യുടെ നേതൃത്വത്തിലുള്ള NDA സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രണ്ട് ലക്ഷത്തിലധികം ജീവനക്കാർ വർക്ക്മെൻ കേഡറിൽ മാത്രം കുറയുന്ന സ്ഥിതിയും ഉണ്ടായി. കൃത്യമായി വേക്കൻസികൾ നിർണയിച്ച് ജീവനക്കാരെ നിയമിക്കുക എന്നതിനുപകരം താൽക്കാലികാടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലും അപ്രന്റീസ് നിയമനം വഴിയും തൊഴിലന്വേഷകരായ ഉദ്യോഗാർത്ഥികളെ ഉൾപ്പെടെ ചൂഷണം ചെയ്യുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഈ അവസ്ഥ മാറണം.

ഇങ്ങനെ തുടങ്ങി നിരവധിയായ ആവശ്യങ്ങൾ UFBU ഉയർത്തുന്ന അതേ സന്ദർഭത്തിൽ തന്നെയാണ് RRB കളുടെ നിലനിൽപ്പും മുന്നോട്ടുപോക്കും ലാക്കാക്കി മുകളിൽ പറഞ്ഞ ആവശ്യങ്ങളോടൊപ്പം അഡീഷണൽ ആവശ്യങ്ങൾ കൂടി ഉയർത്തി AIRRBEA സമര നോട്ടീസ് നൽകിയത്. ദീർഘകാലമായി നാം ഉന്നയിച്ചുവരുന്ന NRBI (National Rural Bank of India) എന്ന ആവശ്യം ഇന്നത്തെ സാഹചര്യത്തിൽ വളരെ പ്രസക്തമാണ്. 196 എണ്ണമുണ്ടായിരുന്ന ഗ്രാമീണ ബാങ്കുകൾ പുന:സംഘടിപ്പിച്ച് 43 ൽ എത്തി നിൽക്കുന്ന ഈ ഘട്ടത്തിൽ ഒരു സംസ്ഥാനത്ത് ഒരു RRB എന്ന നമ്മുടെ ആവശ്യവും നിലവിൽ അംഗീകരിക്കുകയും അത് നടപ്പിലാക്കാൻ ഇരിക്കുകയുമാണ്. എന്നാൽ NRBI എന്ന concept കുറച്ചുനാളുകൾക്ക് മുമ്പ് അംഗീകാരം ലഭിക്കുന്നതിന് സമീപത്ത് എത്തിയെങ്കിലും ചില രാഷ്ട്രീയ താൽപര്യങ്ങൾ കാരണം തടഞ്ഞു വെക്കുകയാണ് ഉണ്ടായത്. സ്പോൺസർ ബാങ്കുകൾ ഒരേസമയം മുതലാളിമാർ ചമയുകയും എന്നാൽ നമ്മോടൊപ്പം തന്നെ നാം ചെയ്യുന്ന ബിസിനസ്സ് ചെയ്യുന്നവരു

kartine29.deviantart

മാണ്. അവരുടെ സങ്കുചിതമായ താൽപ്പര്യം പലപ്പോഴും ഗ്രാമീണ ബാങ്കുകളുടെ ബിസിനസ്സ് വർദ്ധനവിന് തടസ്സമാകുന്നുണ്ട്. സ്പോൺസർ ബാങ്കിൽ നിന്നും കടന്നുവരുന്ന അധികാരികൾ അവരുടേതായ താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് തങ്ങളുടെ കരിയർ ഉന്നമനത്തിനു വേണ്ടി മാത്രമായി പ്രവർത്തിക്കുന്ന നിരവധി സാഹചര്യങ്ങൾ നാം കണ്ടതാണ്. നാമമാത്രമായ ആളുകൾ മാത്രമാണ് അതിന് അപവാദമായി നിലകൊള്ളുന്നത്. RRB കളെപ്പറ്റി ഒന്നുമറിയാത്ത ആളുകൾ കേവലം മൂന്നു വർഷത്തേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥ

യ 1 ൽ

സ്പോൺസർ ബാങ്കിൽ നിന്നും വരുമ്പോൾ ചോദ്യം ചെയ്യപ്പെടുന്നതും അനിശ്ചിതത്വത്തിൽ ആകുന്നതും നമ്മുടെ ഭാവിയാണ്. അതുകൊണ്ട് ഗ്രാമീണ ബാങ്കുകളിൽ നിന്നുള്ള ജീവനക്കാർതന്നെ ജനറൽ മാനേജർ തസ്തികയിൽ ഇരിക്കണമെന്നും പൊതുമേഖലാ ബാങ്കുകളിൽ ചെയ്യുന്നതുപോലെ ചെയർപേഴ്സൺമാരെ പ്രത്യേകമായി കണ്ടെത്തണമെന്നും നാം ആവശ്യപ്പെടുമ്പോൾ സ്പോൺസർ ബാങ്കിൽനിന്നും മുക്തമാക്കണമെന്ന നമ്മുടെ ആവശ്യത്തിന് പ്രസക്തി വർധിക്കുകയാണ്.

മറ്റ് ബാങ്കുകളിൽ ചുരുങ്ങിയ വർഷങ്ങൾ കൊണ്ട് തന്നെ പ്രമോഷൻ നേടാം എന്നിരിക്കെ RRB കളിൽ അതിനായി ദീർഘകാലം കാത്തിരിക്കേണ്ടി വരുന്നു. അത് ജീവനക്കാരുടെ കരിയറിനെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. അതോടൊപ്പം ഇതര ബാങ്കുകളിൽ പ്രാബല്യത്തിൽ വന്ന ലീവ് ഉൾപ്പെടെയുള്ള സർവീസ് ആനുകൂല്യങ്ങളും നമുക്ക് നടപ്പിലാക്കിയിട്ടില്ല. അതുകൊണ്ട് ഇവ രണ്ടും ജീവനക്കാരെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങളാണ്.

പതിറ്റാണ്ടുകളായി തൊഴിലെടുത്തുകൊണ്ടിരിക്കുന്ന താൽക്കാലിക ജീവനക്കാർ ഏറ്റവും വലിയ ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു മേഖലയാണ് ബാങ്കിംഗ് മേഖല. അതിനെതിരെ ഏറ്റവും വലിയ പ്രക്ഷോഭം നടക്കുന്നത് ഗ്രാമീണ ബാങ്കുകളിൽ ആണ്. ഇതര ബാങ്കുകളിൽ അംഗീകൃത സംഘടന മാനേജ്മെന്റിനൊപ്പം ചേർന്നുകൊണ്ടാണ് നിയമന നിരോധനം നടപ്പിലാക്കിയതെങ്കിൽ ഇവിടെ നാം അതിനെതിരെ പൊരുതുകയും പലയിടത്തും നിയമ പോരാട്ടങ്ങൾ ഉൾപ്പെടെ നടത്തി അവർക്ക് നീതി ലഭ്യമാക്കുകയും ചെയ്തു. നമ്മുടെ ബാങ്കിൽ ഉൾപ്പെടെ നിയമപോരാട്ടങ്ങളും പ്രത്യക്ഷ പോരാട്ടങ്ങളും തുടരുകയുമാണ്.

പഴയകാല തമ്പ്രാക്കന്മാരുടെ മനോനിലയിൽ നിന്നും hang over വിട്ടുമാറിയിട്ടില്ലാത്ത സ്പോൺസർ ബാങ്കുകൾ ഇപ്പോഴും നമുക്ക് നിയമപരമായി ലഭിക്കേണ്ട പല ആനുകൂല്യങ്ങളും തടഞ്ഞു വെച്ചിരിക്കുന്നു. അതിനെതിരെ കൂടിയാണ് നമ്മുടെ പോരാട്ടം. ദീർഘകാലമായി നാം പ്രക്ഷോഭം നടത്തി നേടിയെടുത്ത വേതന തുല്യത സമ്പൂർണ്ണമായി അംഗീകരിച്ച് DFS ഉത്തരവ് ഇറങ്ങിയിട്ടും സ്പോൺസർ ബാങ്കുകളുടെ കരാള ഹസ്തങ്ങൾ അത് കണ്ടില്ലെന്ന് നടിക്കുകയാണ്.

ഈ പശ്ചാത്തലത്തിലാണ് സമരനോട്ടീസിന്മേൽ ഇന്ന് CLC നമ്മളെ ചർച്ചയ്ക്കു വിളിച്ചത്. ഈ സമരത്തിന് രണ്ട് ഭാഗമാണ് ഉള്ളത്.

ഒന്ന്: UFBU ആഹ്വാനം ചെയ്ത സമരത്തിന്റെ ഡിമാന്റുകൾ പൂർണമായും നമുക്കും ബാധകമായതിനാൽ ആ സമരത്തിന് നാം പിന്തുണ നൽകുന്നു, സമരത്തിൽ പങ്കെടുക്കുന്നു. UFBU വുമായി നടക്കുന്ന ചർച്ചകളുടെ ഭാഗമാണ് ഈ സമരം.

രണ്ട്: ഗ്രാമീണ ബാങ്ക് ജീവനക്കാർക്ക് ബാധകമായ മുകളിൽ പരാമർശിച്ച വിഷയങ്ങൾ. അതിന്മേൽ വിശദമായ ചർച്ച നടന്നു. ചർച്ചയുടെ സംക്ഷിപ്ത രൂപം താഴെ കൊടുക്കുന്നു.

1. പ്രമോഷൻ നിയമ പരിഷ്കരണം പോളിസിയിൽ മാറ്റമുണ്ടാക്കേണ്ട കാര്യമായതിനാൽ higher level തീരുമാനം എടുക്കണം.

2. സ്റ്റാഫ് shortage, മിത്ര കമ്മിറ്റി പ്രകാരം ഒഴിവുകൾ കണക്കാക്കി നിയമനം നടത്താമെന്ന് CLC മുമ്പാകെ ബാങ്കുകൾ സമ്മതിച്ചതായിരുന്നു. എന്നാൽ അത് ചെയ്തില്ല. ഇതിനെ രൂക്ഷമായി വിമർശിച്ച ലേബർ കമ്മിഷണർ മിത്ര കമ്മിറ്റി പ്രകാരം ഓരോ ബാങ്കിലും ഓരോ കാഡറിലുമുള്ള ഒഴിവുകൾ കണ്ടെത്തി അടുത്ത സിറ്റിങ്ങിൽ നൽകണം എന്നാവശ്യപ്പെട്ടു.

3. ദിവസക്കൂലിക്കാരെ സ്ഥിരപ്പെടുത്തൽ: സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ ദിവസക്കൂലിക്കാരെ സ്ഥിരപ്പെടുത്തണമെന്ന് നാം ആവശ്യപ്പെട്ടു. ഓരോ ബാങ്കിലും OATD തസ്തികയിലുള്ള ഒഴിവുകൾ കണക്കാക്കി നൽകണമെന്ന് ബാങ്കുകളോട് ആവശ്യപ്പെട്ടു.

4. അലവൻസുകളിലെ കുറവ്: ഉഭയകക്ഷി കരാർ പ്രകാരമുള്ള മുഴുവൻ അലവൻസുകളും പൂർണമായും നടപ്പാക്കണം എന്ന കൃത്യമായ ഓർഡർ ഉണ്ടായിട്ടും പല ബാങ്കുകളും ചില അലവൻസുകൾ നടപ്പാക്കിയിട്ടില്ല എന്നത് വലിയ വിമർശനത്തിന് ഇടയാക്കി. ഏതൊക്കെ അലവൻസ് നടപ്പാക്കിയിട്ടില്ലെന്നും അതിന്റെ കരണമെന്തെന്നും ഉള്ള റിപ്പോർട്ട് നൽകണമെന്ന് ബാങ്കുകളോട് ആവശ്യപ്പെട്ടു. അടുത്ത ചർച്ച മെയ് അഞ്ചിന് നടക്കും.

***അചഞ്ചല ഐക്യത്തോടെ സമര പന്ഥാവിലേക്ക്....***

**അഭിവാദനങ്ങളോടെ**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673

kartine29.deviantart